(സി) ഇതു സംബന്ധിച്ച കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) മലഞ്ചരക്കുകൾ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമായതുകൊണ്ട് നികുതി നിരക്ക് ഏകീകരിക്കുന്നതിനു മുമ്പ് വിശദമായ പഠനം ആവശ്യമാണ്.

റബ്ബർതടി അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള നിരോധനം നീക്കിയ നടപടി

45 [328] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർതടി അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള നിരോധനം നീക്കിയതുവഴി കേരളത്തിലെ മര വ്യവസായ രംഗത്തുനിന്ന് ലഭിക്കുന്ന വില്പന നികുതി വരുമാനം ഗണ്യമായി കുറയുമെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) നഷ്ടമാകുന്ന നികുതി വരുമാനം സർക്കാർ കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം വ്യക്തമാക്കുമോ;

(സി) മര വ്യവസായ രംഗത്തുനിന്നും വർഷംതോറും ശരാശരി എത്ര രൂപയാണ് നികുതിയിനത്തിൽ ലഭിച്ചിരുന്നത്;

(ഡി) ഖജനാവിന് വൻ നഷ്ടമുണ്ടാക്കുന്ന പ്രസ്തുത തീരുമാനം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) പ്രതിവർഷം ശരാശരി 20 കോടി രൂപ നികുതി ഇനത്തിൽ ലഭിക്കുന്നു.

(ഡി) തൽക്കാലം തീരുമാനിച്ചിട്ടില്ല.

വെള്ളൂരിലെ കൊച്ചിൻ സിമെന്റ്സ് കമ്പനിക്ക് നല്കിയിട്ടുള്ള നികുതിയിളവ്

46 [329] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളൂരിലെ കൊച്ചിൻ സിമന്റ്സ് കമ്പനിക്ക് എന്തെങ്കിലും നികുതി ഇളവ് നൽകിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയോ, ഉത്തരവിടുകയോ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം തീയതികളിൽ ഏതെല്ലാം ഉത്തരവുകളും വിജ്ഞാപനങ്ങളും വഴിയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവുകളുടേയും വിജ്ഞാപനങ്ങളുടേയും പകർപ്പുകൾ മേശപ്പുറത്ത് വയ്ക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന് ഇതിനകം നികുതി ഇളവുകൾ നൽകിയതു വഴി എത്ര കോടി രൂപയുടെ നികുതി നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) കൊച്ചിൻ സിമന്റ്സിന് വൻകിട, ഇടത്തരം വ്യവസായങ്ങൾക്ക് നൽകുന്ന വിൽപ്പന നികുതി ഇളവ് വ്യവസ്ഥ പ്രകാരമുള്ള വില്പന നികുതി ഇളവ് നൽകിയിട്ടുണ്ട്.

(ബി) എസ്. ആർ. ഒ. 388/96 പ്രകാരം 1-4-1993-ന് ശേഷം ആരംഭിക്കുകയും ഫ്ളൈ ആഷ് അസംസ്കൃത വസ്തുവായി ഉപയോഗിക്കുകയും ചെയ്യുന്ന യൂണിറ്റുകൾക്ക് ഫിക്സഡ് ക്യാപ്പിറ്റൽ ഇൻവെസ്റ്റുമെന്റിന്റെ 500%-മോ, 7 വർഷ കാലാവധിക്കോ നികുതിയിളവ് സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത കമ്പനികൾക്ക് എസ്. ആർ. ഒ. 388/96 പ്രകാരം അനുവദിച്ചിരുന്ന നികുതിയിളവ് പ്രയോജനപ്പെടുത്താൻ കഴിയാതെ വരികയും ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. ഫ്ളൈ ആഷ് അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്നത് പരിസ്ഥിതി മലിനീകരണത്തെ നിയന്ത്രിക്കുമെന്നതിനാൽ, മൂലധന മുതൽ മുടക്കിന്റെ 500% നികുതിയിളവായി പ്രയോജനപ്പെടുത്തുവാൻ സാധിക്കാതിരുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് 7 വർഷത്തെ സമയ പരിധി അനുവദിച്ചിട്ടുള്ള തുകയുടെ ആനുകൂല്യം തീരുന്നതുവരെയോ മൊത്തം 9 വർഷത്തിനകമോ ഏതാണ് ആദ്യം വരുന്നത് എന്ന വ്യവസ്ഥയ്ക്കു വിധേയമായി നികുതിയിളവ് ദീർഘിപ്പിച്ചുകൊണ്ട് എസ്. ആർ. ഒ. 78/03 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത വിജ്ഞാപന പ്രകാരം, വെള്ളൂരിലെ കൊച്ചിൻ സിമന്റ്സ് കമ്പനിക്ക് രണ്ടുവർഷത്തേക്കുകൂടി നികുതിയിളവ് ലഭിക്കുന്നതിനുള്ള അർഹതയുള്ളതിനാൽ 13-10-2002-വരെ നികുതിയിളവ് നൽകിയിരുന്ന സർട്ടിഫിക്കറ്റ് പുതുക്കി 13-10-2004-വരെ ദീർഘിപ്പിച്ചുകൊണ്ട് 25-3-2003-ൽ ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം മൂലധനത്തിന്റെ 500% എന്ന പരിധിയിൽ മാറ്റം വരുത്തിയിട്ടില്ല. സമയ പരിധിക്ക് മാത്രമേ മാറ്റം വരുത്തിയിട്ടുള്ളൂ.

(സി) എസ്. ആർ. ഒ. 78/03 ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.†

(ഡി) നികുതിയിളവുകളും നികുതി ഒഴിവുകളും വൻകിട, ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് നൽകിയിരിക്കുന്നത് ലാഭനഷ്ട കണക്കുകൾ നോക്കിയല്ല. സംസ്ഥാനത്ത് വ്യവസായങ്ങൾ വരണമെന്നും അതുവഴി അനേകം ആളുകൾക്ക് ജോലി ലഭിക്കുമെന്നും, വ്യവസായ പുരോഗതി മൂലം തൊഴിലില്ലായ്മ ഒരു പരിധിവരെ

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കുവാൻ കഴിയുമെന്നുമുള്ള ധാരണയിലാണ് ഇളവുകൾ അനുവദിക്കുന്നത്. മാത്രമല്ല മേൽപ്പറഞ്ഞ എസ്. ആർ. ഒ. 78/03 പ്രകാരം അനുവദിച്ച നികുതിയിളവ് എസ്. ആർ. ഒ. 388/96 പ്രകാരം അനുവദിച്ചിട്ടുള്ള തുകയ്ക്ക് തന്നെയാണ്. കാലാവധി 7 വർഷത്തിൽ നിന്നും 9 വർഷമായി ദീർഘിപ്പിക്കുക മാത്രമാണ് ചെയ്തത്. നികുതിയിളവ് മൂലധനത്തിന്റെ 500% എന്നതിന് യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

ട്രഷറികൾ കമ്പ്യൂട്ടർവൽക്കരണം നടത്തിയതിന്റെ പുരോഗതി

47 [330] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രഷറികൾ കമ്പ്യൂട്ടർവൽക്കരണം നടത്തിയതിന്റെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിനകം കമ്പ്യൂട്ടർവൽക്കരിച്ച ട്രഷറികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പെരുമ്പാവൂർ സബ്ട്രഷറി കമ്പ്യൂട്ടർവൽക്കരിച്ചതിന്റെ ഉത്ഘാടനം നടത്തിയിരുന്നോ;

(ഡി) ഉണ്ടെങ്കിൽ ആരെല്ലാമാണ് പ്രസ്തുത ചടങ്ങിൽ സംബന്ധിച്ചിരുന്നതെന്നും ജനപ്രതിനിധികളെ പങ്കെടുപ്പിച്ചിരുന്നോ എന്നും ഇല്ലെങ്കിൽ കാര്യം എന്തെന്നും വ്യക്തമാക്കുമോ;

(ഇ) ട്രഷറി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പരിപാടികൾ ഉദ്യോഗസ്ഥ മേളയാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലിസ്റ്റ് ഇതോടൊപ്പം വയ്ക്കുന്നു.†

(സി) 25-10-2003-ൽ നടത്തിയിരുന്നു.

(ഡി) പ്രസ്തുത ചടങ്ങിൽ ട്രഷറി ഡയറക്ടറും ട്രഷറി ജീവനക്കാരും ചില ട്രഷറി ഇടപാടുകാരും പങ്കെടുത്തു. ട്രഷറിയുടെ പ്രവർത്തനം തടസ്സപ്പെടാതെ ട്രഷറി ആഫീസിനകത്തു വച്ച് വളരെ ലളിതമായി നടത്തിയ ചടങ്ങായതിനാൽ ജനപ്രതിനിധികളെയോ മറ്റതിഥികളെയോ ക്ഷണിച്ചിരുന്നില്ല.

(ഇ) ഉത്ഘാടന ദിവസം ട്രഷറി സാധാരണ നിലയിൽ പ്രവർത്തിക്കുകയും ചടങ്ങ് വളരെ ലളിതമായി നടത്തുകയും ചെയ്തു. അതിനാൽ അനന്തര നടപടി ആവശ്യമില്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly